

*കാസർകോട് കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രത്തിൻെറ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് നാളികേര കൃഷിയിൽ നേട്ടങ്ങൾ കൈവരിച്ചവരെ ആദരിക്കുന്നു*

# രാജ്യത്തെ മികച്ച 100 നാളികേര കർഷകരെ ആദരിച്ചു

● **ഗവേഷണ പദ്ധതികളിൽ കർഷകരുടെ അനുഭവജ്ഞാനത്തിന് മുൻതൂക്കം നൽകണം -ത്രിലോചൻ മഹാപത്ര**

**കാസർകോട്:** കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രത്തിൻെറ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് നാളികേര കൃഷിയിൽ മികച്ച നേട്ടങ്ങൾ കൈവരിച്ച 100 കർഷകരെ ആദരിച്ചു. കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ്, മഹാരാഷ്ട്ര, ഗോവ, വെസ്റ്റ് ബംഗാൾ, അസം, ലക്ഷദ്വീപ്, അന്തമാൻ-നികോബാർ ദ്വീപ്, ഒഡിഷ, ഗുജറാത്ത് സംസ്ഥാനങ്ങളിൽനിന്നുള്ളവരെയാണ് ആദരിച്ചത്.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ഡയറക്ടർ ജനറൽ ഡോ. ത്രിലോചൻ മഹാപത്ര, അനന്ത്കുമാർ ഹെഗ്ഡെ എം.പി എന്നിവരാണ് കർഷകരെ ആദരിച്ചത്. ഗവേഷണ പദ്ധതികൾക്ക് രൂപം നൽകുമ്പോൾ കർഷകരുടെ അനുഭവജ്ഞാനത്തിന് മുൻതൂക്കം നൽകണമെന്ന് ഡോ. ത്രിലോചൻ മഹാപത്ര അഭിപ്രായപ്പെട്ടു.

നാളികേര വികസന ബോർഡ് ചെയർമാൻ ഡോ. എ.കെ. സിങ് സംസാരിച്ചു. കർഷകർ സ്വയം വികസിപ്പിച്ചെടുത്ത വേറിട്ട കൃഷിരീതികൾ, നടീൽ വസ്തുക്കളുടെ ഉൽപാദനം, രോഗ-കീട നിയന്ത്രണം എന്നിവ സംബന്ധിച്ച പുസ്തകം കർഷകർക്ക് വിതരണംചെയ്തു.

സാമൂഹികശാസ്ത്ര വിഭാഗം മേധാവി ഡോ. സി. തമ്പാൻ സ്വാഗതവും പ്രിൻസിപ്പൽ സയൻറിസ്റ്റ് ഡോ. എസ്. കലാവതി നന്ദിയും പറഞ്ഞു.